—കമ്പോളം പോയവാരം— Veekshanam 03-09-18, P-3

# പ്രളയത്തിന്റെ നടുക്കത്തിൽ കാർഷിക മേഖല

കൊച്ചി: പ്രളയം സൃഷ്ടിച്ച നടുക്കത്തിൽ നിന്ന് കാർഷിക മേഖലയ്ക്ക് രക്ഷപ്പെടാനായില്ല. സുഗന്ധവ്യഞ്ജന കൃഷിക്ക് നേരിട്ട നഷ്ടം എത്രയെന്ന് വിലയിരുത്താൻ ഇനിയും കഴിഞ്ഞിട്ടില്ല. ആയിരത്തി അഞ്ഞുറ് കോടി രൂപയ്ക്ക് മുകളിലുള്ള നഷ്ടം സംഭവിച്ചതായാണ് പ്രാഥമിക കണക്ക്. ഓണ വിൽപ്പന കുറഞ്ഞത് വെളിച്ചെണ്ണയുടെ മുന്നേറ്റത്തിന് തടസമായി. റബർ വില കയറി. സ്വർണ വിലയിൽ മുന്നേറ്റം.

സംസ്ഥാനത്ത് അടുത്ത വർഷം സുഗന്ധവ്യഞ്ജനങ്ങളുടെ ഉൽപാദനം കുറയും. ഒട്ടുമിക്ക തോട്ടങ്ങളിലും കൃഷിക്ക് വ്യാപകമായ നഷ്ടം പ്രളയത്തിൽ സംഭവിച്ചു. വിവിധ ഗോഡൗണുകളിൽ സൂക്ഷിച്ചിരുന്ന 1500 ടണ്ണോളം കുരുമുളകിൽ പ്രളയ ജലം കയറിയത് ഉൽപ്പന്നത്തിന്റെ ഗുണനിലവാരത്തെ ബാധിച്ചു.

കുരുമുളക് ക്ഷാമം രൂക്ഷമായതോടെ വില ഉയർന്നു. കാർഷിക മേഖലയിൽ നിന്ന് കാര്യമായി ചരക്ക് വിൽപ്പനയ്ക്ക് എത്തിയില്ല. ഇതിനിടയിൽ ഇറക്കുമതിക്കാർ വിപണി നിയന്ത്രണം കൈപിടിയിൽ ഒതുക്കി. താഴ്ന്ന വിലയ്ക്ക് എത്തിച്ച വിദേശ ചരക്ക് അവർ ആഭ്യന്തര മാർക്കറ്റിൽ വൻലാഭത്തിൽ വിൽപ്പന നടത്തി. കൊച്ചിയിൽ ഗാർബിൾഡ് കുരുമുളക് 41,200 രൂപ.

തമിഴ്നാട്ടിലെ വൻകിട മില്ലുകൾ വെളിച്ചെണ്ണ വിറ്റഴിക്കാനുള്ള ശ്രമത്തിലാണ്. ഓണ വിൽപ്പന കുറഞ്ഞത് അവരുടെ പ്രതീക്ഷകൾ തടികം മറിച്ചു. ഈ വാരം മാസാരംഭ ഡിമാണ്ടും ചൂടുപിടിച്ചില്ലെങ്കിൽ വില വീണ്ടും ഇടിയും. കൊച്ചിയിൽ എണ്ണ 16,400 രൂപയിലാണ്.



റബർ മരങ്ങളിൽ ഇല പൊഴിച്ചിൽ ആരംഭിച്ചു. മഴ്ക്ക് ശേഷം അപ്രതീക്ഷിതമായി ഇല പൊഴിഞ്ഞതിനാൽ ടാപ്പിങ് തുടരാനാവാത്ത അവസ്ഥയിലാണ്. പുതിയ സാഹചര്യത്തിൽ റബർ ഉൽപാദനത്തിൽ വീണ്ടും കുറവ് സംഭവിക്കും. ഏപ്രിൽആഗസ്റ്റ് കാലയളവിൽ ഉൽപാദനം കുറഞ്ഞത് വിലയിരുത്തിയാൽ ഡിസംബർ വരെ ടയർ വ്യവസായികൾ വിദേശ റബർ ഇറക്കുമതിക്ക് നീക്കം നടത്താം. നാലാം ഗ്രേഡ് റബർ 13,450 രൂപയിലും അഞ്ചാം ഗ്രേഡ് 13,300 രൂപയിലുമാണ്.

ശക്തമായ മഴയും മണ്ണിടിച്ചിലും ഏലതോട്ടങ്ങളെ ഉഴുതു മറിച്ചു. ഹൈറേഞ്ചിലെ ഒട്ടുമിക്ക തോട്ടങ്ങളിലും ഏലക്ക ചെടികൾ നശിച്ചതായാണ് വിവരം. ഇത് മൂലം ലേലത്തിന് എത്തുന്ന ഏലക്ക പുർണമായി വിറ്റഴിഞ്ഞു. ലഭ്യത കുറയുന്നതിനാൽ ഉൽപ്പന്ന വില വീണ്ടും ഉയരാം. മികച്ചയിനം ഏലക്ക കിലോ 1600 രൂപയിൽ കൈമാറി. ആഭ്യന്തര വ്യാപാരികളും കയറ്റുമതിക്കാരും ഏലക്ക ശേഖരിച്ചു.

പ്രതികൂല കാലാവസ്ഥ മുലം സംസ്ഥാനത്ത് ഏലക്ക ഉൽപാദനം 60 ശതമാനം വരെ ഇടിയാം. വിദേശ ഡിമാണ്ട് കണക്കിലെടുത്താൽ നിരക്ക് കൂടുതൽ ആകർഷകമാകാം. മഴ മൂലം ഉൽപാദനം കഴിഞ്ഞ മുന്ന് മാസമായി വൻ തോതിൽ ചുരുങ്ങി. ദീപാവലി ഡിമാണ്ട് മുന്നിൽ കണ്ട് ഉത്തരേന്ത്യൻ ഡിമാണ്ട് ശക്തമായാൽ നിരക്ക് 1800 രൂപയ്ക്ക് കയറാം.

ചുക്ക് വില ഉയർന്നു. ഇഞ്ചി കൃഷിക്ക് നേരിട്ട തിരിച്ചടി മൂലം ചുരുങ്ങിയ ദിവസങ്ങൾക്കിടയിൽ വിവിധയിനം ചുക്കിന് 3000 രൂപ ഉയർന്നു. മധ്യപൂർവേഷ്യൻ രാജ്യങ്ങളിൽ നിന്ന് ചുക്കിന് അന്വേഷണങ്ങളുണ്ട്. ശൈത്യകാല ഡിമാണ്ട് മുന്നിൽ കണ്ട് ഉത്തരേന്ത്യക്കാർ രംഗത്ത് എത്തുന്നതോടെ നിരക്ക് വീണ്ടും കയറാം. വിവിധയിനം ചുക്ക് 17,500 18,500 രൂപയിലാണ്.

ഡോളറിനു മുന്നിൽ രൂപയുടെ വിനിമയ മുല്യം ചരിത്രത്തിലെ ഏറ്റവും മോശം നിലവാരത്തിലേയ്ക്ക് ഇടിഞ്ഞത് സ്വർണ ഇറക്കുമതി ചിലവ് ഉയർത്തി. കേരളത്തിൽ സ്വർണ വില പവന് 22,080 രൂപയിൽ നിന്ന് 22,600 വരെ കയറിയ. വാരാന്ത്യം പവൻ 22,520 രൂപയാണ്. രാജ്യാന്തര വിപണിയിൽ സ്വർണ വില ഔൺസിന് സ1200 ഡോളർ.